"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.ശ്രീലക്ഷ്മി.പി ഫയൽ ചെയ്ത ഒഎ (ഇകെഎം) 963/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2836/2023/H&FWD തീയതി,തിരുവനന്തപുരം, 31-10-2023

പരാമർശം:-
1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.ശ്രീലക്ഷ്മി.പി. സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.ശ്രീലക്ഷ്മി.പി ഫയൽ ചെയ്ത ഒഎ (ഇകെഎം) 963/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, എറണാകുളം പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസറായ ഡോ. ശ്രീലക്ഷ്മി.പി യെ ഇടുക്കി ജില്ലയിലെ കട്ടപ്പന താലൂക്കാശുപത്രിയിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോശ്രീലക്ഷ്മി.പി പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 963/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന് ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയേയും എതിർ കക്ഷിയേയും നേരിൽ കേൾക്കുകയും

I/1028841/2023 സ.ഉ.(സാധാ) നം.2836/2023/H&FWD

അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.ശ്രീലക്ഷ്മി.പി പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന സ്റ്റേഷനുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണ്. എന്നിരുന്നാലും, ടിയാളുടെ ആരോഗ്യസ്ഥിതി പരിഗണിച്ച് പൊതുസ്ഥലംമാറ്റ അപേക്ഷയിലെ ഓപ്റ്റഡ് സ്റ്റേഷനുകളിൽ ഒഴിവ് വരുന്ന മുറക്ക് അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി .

(3) കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോ.ശ്രീലക്ഷ്മി. പി യുടെ പൊതുസ്ഥലംമാറ്റ അപേക്ഷയിലെ ഓപ്റ്റഡ് സ്റ്റേഷനുകളിൽ ഒഴിവ് വരുന്നമുറക്ക് അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.ശ്രീലക്ഷ്മി. പി ,കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ ,
താലൂക്കാസ്ഥാന ആശുപത്രി ,പെരുമ്പാവൂർ ,എറണാകുളം
ഡോ.ജോത്സ്ന നായർ ,അസിസ്റ്റന്റ് സർജൻ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/കൈയെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി :04-11-2023

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ ഇ-മെയിലിലേക്കും പ്രസക്തമായ തുടർ നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 31-10-2023 16:50:09

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

Signed by Sherly S S
Date: 04-11-2023 11:19:57
Reason: Approved